(എച്ച്) ഡെപ്യൂട്ടേഷൻ വഴി പ്രസ്തുത പോസ്റ്റിലേക്ക് നിയമനം ലഭിച്ച ഉദ്യോഗസ്ഥന്റെ ജനന തീയതി എത്രയാണ് ;

(ഐ) പ്രസ്തുത ഉദ്യോഗസ്ഥന് നിർദ്ദിഷ്ട തീയതിയിൽ പ്രായപൂർത്തിയായിട്ടില്ലാത്ത പക്ഷം അദ്ദേഹത്തിന് എപ്രകാരമാണ് നിയമനം നൽകിയതെന്ന് വിശദീകരിക്കുമോ ;

(ജെ) പ്രസ്തുത ഇന്റർവ്യൂവിലും നിയമനത്തിലും നടന്ന ക്രമക്കേട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) നിയമിച്ചിട്ടുണ്ട്. ഡോ. കെ. ജി. താരയെ.

(സി&ഡി) താൽക്കാലികമായ ഡെപ്യൂട്ടഷൻ നിയമനമായതിനാൽ പത്ര പരസ്യം നൽകിയിട്ടില്ല. എന്നാൽ ചില സ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് എഴുതിയിരുന്നു.

(ഇ) 40-നും 60-നും മദ്ധ്യേ.

(എഫ്) അപേക്ഷാ തീയതിയിൽ 39 വയസ് 3 മാസം 25 ദിവസം. ഇന്റർവ്യൂ തീയതിയിൽ 39 വയസ്സ് 8 മാസം.

(ജി) അപേക്ഷാ തീയതി 15-11-1999. ഇന്റർവ്യൂ തീയതി, 21-3-2000.

(എച്ച്) 21-7-1960.

(ഐ&ജെ) യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഉദ്യോഗസ്ഥയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയാണ് ചെയ്തത്. നിയമനത്തിൽ അപാകതയുണ്ടെന്ന് തോന്നുന്ന പക്ഷം പരിശോധിച്ച് വേണ്ട നടപടിയെടുക്കുന്നതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനോടനുബന്ധിച്ചുള്ള 'ഹെഡ് ഓഫ് ഫാക്കൽറ്റി' തസ്തികയിലേക്കുള്ള നിയമനം

36 (2794) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനോടനുബന്ധിച്ചുള്ള 'ഹെഡ് ഓഫ് ഫാക്കൽറ്റി' തസ്തികയിലേക്കുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ ക്ഷണിച്ചത് ;

(സി) പ്രസ്തുത നിയമനത്തിന് ആവശ്യപ്പെട്ടിരുന്ന യോഗ്യതകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാനുള്ള ഇന്റർവ്യൂ ബോർഡിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ ആരെല്ലാം ;

(ഇ) ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്ന കേന്ദ്രകൃഷി മന്ത്രാലയത്തിന് കീഴിലുള്ള പ്രകൃതിക്ഷോഭ മാനേജ്മെന്റ് ഡിവിഷനിലെ ഉദ്യോഗസ്ഥൻ പ്രസ്തുത ഇന്റർവ്യൂവിൽ പങ്കെടുത്തുവോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്ത് ;

(ജി) പ്രസ്തുത നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നു ;

(എച്ച്) ഈ വിഷയത്തിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ള ഏതെങ്കിലും ഉദ്യോഗാർത്ഥി ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നോ ;

(ഐ) എങ്കിൽ പ്രസ്തുത ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ജെ) നിയമനം ലഭിച്ച ഉദ്യോഗാർത്ഥി സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത തീയതിക്ക് മുൻപ് ജോയിൻ ചെയ്യാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(കെ) നിയമനം ലഭിച്ച വ്യക്തി മറ്റേതെങ്കിലും സ്ഥാപനത്തിൽ തൊഴിൽ ചെയ്തിരുന്നുവോ ;

(എൽ) എങ്കിൽ പ്രസ്തുത വ്യക്തി പുതിയ നിയമനം സ്വീകരിക്കുന്നതിനു മുൻപായി പഴയ ജോലിയിൽ നിന്നും വിടുതൽ വാങ്ങണമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ ;

(എം) ഇല്ലാത്ത പക്ഷം അയാളെ നിയമിച്ചതെങ്ങനെയെന്ന് പറയുമോ ;

(എൻ) ക്രമവിരുദ്ധമായി പ്രസ്തുത വ്യക്തി ജോലിയിൽ പ്രവേശിച്ചതിന് എതിരായി ആ വ്യക്തിയുടെ മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ;

(ഒ) ക്രമവിരുദ്ധമായി നൽകിയ നിയമനം റദ്ദ് ചെയ്യുന്നതിനും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അപേക്ഷ ക്ഷണിച്ചിരുന്ന 2002 മെയ് 4-ലെ ഇൻഡ്യൻ എക്സ്പ്രസ്, 2002 മെയ് 5-ലെ ഹിന്ദു, മാതൃഭൂമി എന്നീ പത്രങ്ങളിലെ പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ചു.

108/2012

LIBRARY ARCHIVES Kerala Legislative Assembly

(സി) മാനേജ്മെന്റിലോ, സാമ്പത്തിക ശാസ്ത്രത്തിലോ, ഭൂ-ശാസ്ത്രത്തിലോ, 55 ശതമാനത്തിൽ കുറയാതെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ ഐ.ഐ.റ്റി.-യിൽ നിന്നോ ഉള്ള ബിരുദാന്തര ബിരുദവും പി.എച്ച്.ഡി.യും (ഡിസാസ്റ്റർ മാനേജ്മെന്റിൽ അഭികാമ്യം) അദ്ധ്യാപനത്തിലോ ഗവേഷണത്തിലോ 10 വർഷത്തെ പ്രവൃത്തി പരിചയം ഡിസാസ്റ്റർ മാനേജ്മെന്റിനെ കുറിച്ചുള്ള പ്രസിദ്ധീകരണം അഭികാമ്യം പ്രായം 40-നും 60-നും ഇടയിൽ ആയിരിക്കണം.

(ഡി)

1. ശ്രീ. ജെ. സുധാകരൻ, ഐ.എ.എസ്., ഡയറക്ടർ, ഐ.എൽ.എം. ആന്റ് കമ്മീഷണർ ലാന്റ് റവന്യൂ.
2. ശ്രീ. സാജൻപീറ്റർ- ഐ.എ.എസ്. സെക്രട്ടറി, റവന്യൂ വകുപ്പ്.
3. ഡോ. ത്രിവിക്രംജി, ജിയോളജി വകുപ്പ് തലവൻ, കേരള സർവ്വകലാശാല, തിരുവനന്തപുരം.

(ഇ&എഫ്) കേന്ദ്ര കൃഷി മന്ത്രാലയത്തിന് സെലക്ഷൻ കമ്മിറ്റിയിൽ പ്രതിനിധീകരിക്കുവാൻ സംസ്ഥാന സർക്കാർ റിലീഫ് കമ്മീഷണറെ ചുമതലപ്പെടുത്തുകയും അദ്ദേഹം പങ്കെടുക്കുകയും ചെയ്തിരുന്നു.

(ജി) മാനേജ്മെന്റിലോ, സാമ്പത്തിക ശാസ്ത്രത്തിലോ, ഭൂ-ശാസ്ത്രത്തിലോ, 55 ശതമാനത്തിൽ കുറയാതെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ ഐ.ഐ.റ്റി.-യിൽ നിന്നോ ഉള്ള ബിരുദാന്തര ബിരുദവും പി.എച്ച്.ഡി.യും (ഡിസാസ്റ്റർ മാനേജ്മെന്റിൽ അഭികാമ്യം) അദ്ധ്യാപനത്തിലോ ഗവേഷണത്തിലോ 10 വർഷത്തെ പ്രവൃത്തി പരിചയം.

(എച്ച്&ഐ) പ്രസ്തുത യോഗ്യതയുള്ള മൂന്ന് ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നു. ഇന്റർവ്യൂ ബോർഡ് അതിൽ ഒരാളെ തെരഞ്ഞെടുത്ത് ശുപാർശ ചെയ്തു.

(ജെ) സർക്കാർ നൽകിയ നിയമന ഉത്തരവിൽ ജോലിയിൽ പ്രവേശിക്കേണ്ട തീയതി നിഷ്ക്കർഷിച്ചിട്ടില്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(കെ) കൊല്ലം ടി.കെ.എം. എൻജിനീയറിംഗ് കോളേജിൽ ജിയോളജി ലക്ചററായി ജോലി ചെയ്യുകയായിരുന്നു.

(എൽ&എം) 7-8-2002-ലെ 22530/ജെ3/2002/ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് ശൂന്യവേതന അവധി എടുത്താണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്.

(എൻ&ഒ) ക്രമവിരുദ്ധമായി നിയമനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly